## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1104** 11-02-2025 - ൽ മറുപടിയ്ക്ക്

## പരപ്പനങ്ങാടി തീരദേശ കോളനി പട്ടയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി തീരദേശ ഫിഷറീസ് കോളനികൾക്ക് പട്ടയം നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം (NOC) ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ലഭ്യമാക്കിയിട്ടില്ല. തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി തീരദേശ ഫിഷറീസ് കോളനികൾക്ക് പട്ടയം നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം (NOC) അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ ഫിഷറിസ് ഓഫീസർ ഫിഷറീസ് ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നുവെങ്കിലും പ്രസ്തുത അപേക്ഷയിൽ അനുബന്ധമായി ഉള്ളടക്കം ചെയ്യേണ്ട ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന്, ഫിഷറീസ് ഡയറക്ടർ, മലപ്പുറം ജില്ലാ ഫിഷറിസ് ഓഫീസർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച മറുപടിയും അനുബന്ധ രേഖകളും സഹിതം 04.02.2025 ൽ ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനു കാലതാമസം നേരിട്ടിട്ടുള്ളത്. ലഭ്യമായ രേഖകൾ പരിശോധിച്ച് പട്ടയം ലഭിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ? | (ബി) | ലഭ്യമാക്കിയിട്ടില്ല. തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി തീരദേശ ഫിഷറീസ് കോളനികൾക്ക് പട്ടയം നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം (NOC) അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ ഫിഷറിസ് ഓഫീസർ ഫിഷറീസ് ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നുവെങ്കിലും പ്രസ്തുത അപേക്ഷയിൽ അനുബന്ധമായി ഉള്ളടക്കം ചെയ്യേണ്ട ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന്, ഫിഷറീസ് ഡയറക്ടർ, മലപ്പുറം ജില്ലാ ഫിഷറിസ് ഓഫീസർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച മറുപടിയും അനുബന്ധ രേഖകളും സഹിതം 04.02.2025 ൽ ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനു കാലതാമസം നേരിട്ടിട്ടുള്ളത്. ലഭ്യമായ രേഖകൾ പരിശോധിച്ച് പട്ടയം ലഭിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ